സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം,

നം: സി.ബി(4)24808/2014 തീയതി : 31-5-2014

*E-mail :keralarcs.coop@kerala.gov.in*
*Website:www.cooperation.kerala.gov.in*
*Tel. No. 0471-2330726*

# സർക്കുലർ നം : 27/2014

വിഷയം:- സഹകരണ വകുപ്പ് - 'സൺഡേ ബാങ്കിംഗ്' - ഇടപാടുകാർക്ക് സഹായകരമായ വിധത്തിൽ ബാങ്കുകൾ/സംഘങ്ങൾ ഞായറാഴ്ച കളിൽ തുറന്നു പ്രവർത്തിക്കുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1. സഹകരണ സംഘം രജിസ്ട്രാറുടെ 43/2005 നമ്പർ സർക്കുലർ.
2. 21-5-2014 തീയതിയിൽ ബഹു. സഹകരണ വകുപ്പ് മന്ത്രി യുടെ സാന്നിദ്ധ്യത്തിൽ ചെർന്ന സഹകാരികളുടെ യോഗ തീരുമാനം.
3. 22-5-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗ തീരുമാനങ്ങൾ.
4. സഹകരണ സംഘം രജിസ്ട്രാറുടെ 30-5-2014 തീയതിയിലെ 22/2014 നമ്പർ സർക്കുലർ.

********

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ അംഗങ്ങൾക്കും, ഇടപാടുകാരായ മറ്റു പൊതുജനങ്ങൾക്കും, സഹകാരികൾക്കും വളരെ വേഗ ത്തിൽ സംഘങ്ങൾ/ബാങ്കുകളുടെ സേവനം ലഭ്യമാക്കുന്നതിനും, വായ്പ ലഭ്യ മാക്കുന്നതിനും, സൗകര്യപ്രദമായി മറ്റ് ഇടപാടുകൾ നടത്തുന്നതിനും സാഹ ചര്യം സൃഷ്ടിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ സഹകരണ സംഘം/ബാങ്കുകളിലെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി സൂചന(4) പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടു ്.

സാധാരണ ജനവിഭാഗങ്ങൾ അവരുടെ സാമ്പത്തികാവശ്യങ്ങൾക്ക് കൂടു തൽ ആശ്രയിക്കുന്ന സഹകരണ മേഖല അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന തിന് കൂടുതൽ സൗകര്യമേർപ്പെടുത്തുന്നതിനും, സഹകരണ മേഖലയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും, കൊള്ളപ്പലിശക്കാരുടെ കടന്നു കയറ്റത്തെ ഒഴിവാക്കുന്നതിനുമായി ആവശ്യമായ സ്ഥലങ്ങളിൽ സംഘ ങ്ങൾ/ബാങ്കുകളുടെ പ്രവർത്തനം സാധാരണ പ്രവൃത്തി ദിനങ്ങൾക്കു പുറമേ ഞായറാഴ്ചകളിൽക്കൂടി പ്രവർത്തിപ്പിക്കുന്നത് പ്രയോജനകരമായിരിക്കുമെന്ന് വിലയിരുത്തിയതിന്റെയും സൂചന 2, 3 പ്രകാരം കൈക്കൊ തീരുമാനത്തി ന്റെയും അടിസ്ഥാനത്തിൽ താൽപ്പര്യമുള്ള സംഘങ്ങൾ/ബാങ്കുകൾക്ക് അവ യുടെ പ്രവർത്തനം ഞായറാഴ്ചകളിൽ രാവിലെ 8.00-9.00 മണി മുതൽ ഉച്ചയ്ക്ക്

2 മണി വരെ പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകുന്നു. ആയതിനുള്ള ഏർപ്പാടുകൾ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാരുടെ മുൻകൂർ അനുമതിയോടെ അതാതു സഹകരണ സംഘങ്ങൾ/ബാങ്കുകൾ കൈക്കൊള്ളേണ്ട താണ്. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന ബാങ്കുകൾ റിസർവ്വ് ബാങ്കിന്റെ അനുമതി/നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്. സൂചന(2) സർക്കുലറിലെ മറ്റു വ്യവസ്ഥകൾ നിലനിൽക്കുന്നതാണ്.

ഒപ്പ്/-

എസ്.ലളിതാംബിക ഐ.എ.എസ്,

സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്,
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
4. ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ/ജോയിന്റ് ഡയറക്ടർമാർ(ആഡിറ്റ്)
5. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ
6. എല്ലാ സഹകരണ അർബൻ ബാങ്കുകൾക്കും(ബന്ധപ്പെട്ട ജോയിന്റ് രജി സ്ട്രാർമാർ മുഖേന)
7 എല്ലാ പ്രാഥമിക സഹകരണ വായ്പാ സംഘങ്ങൾക്കും (ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
8. എല്ലാ പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്കും (ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
9. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
10. എഡിറ്റർ, സഹകരണ വീഥി 11. എഡിറ്റർ, സഹകരണ ജേർണൽ
12. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും 13. വെബ്സൈറ്റ്
14. സി.ജി(1)22095/14 ഫയലിലേയ്ക്ക് 15. സ്റ്റോക്ക് ഫയൽ